**കുട്ടിമ്മാമ**
ഇടശ്ശേരിക്കളത്തിൽ
പത്മാവതി അമ്മ



# കുട്ടിമ്മാമ

*(ഇടശ്ശേരിയുടെ കവിതകൾ മനസ്സിലാക്കാൻ അദ്ദേഹത്തിന്റെ വ്യക്തിത്വം അറിഞ്ഞിരിക്കുന്നത് വളരെ സഹായകമാണ്. പല കവിതകളും അദ്ദേഹത്തിന്റെ ജീവിതത്തോടടുത്തു നിൽക്കുന്നവയാണ്. ഇടശ്ശേരിയുടെ ചെറുപ്പകാലത്തെ ജീവിതത്തിൽ നിന്ന് അടർത്തിയെടുത്ത ഏതാനും സംഭവങ്ങളാണ് താഴെ കൊടുക്കുന്നത്. അനന്തിരവൾ ശ്രീമതി പത്മാവതിയമ്മ ഇടശ്ശേരിയുടെ മകൻ ഇ. ഹരികുമാറുമായി സംസാരിക്കുന്നു.)*

പത്മാവതിയേടത്തി സംസാരിക്കുകയായിരുന്നു. എഴുപത്താറാം വയസ്സിന്റെ ക്ഷീണമോ കാലം ഓർമ്മകളിൽ വരുത്തിയേക്കാവുന്ന തപ്പലോ ഇല്ലാതെ ഉത്സാഹത്തോടെ അവർ കുട്ടിമ്മാമയുടെ കാര്യം പറയുകയായിരുന്നു. ഇടശ്ശേരിയുടെ താവഴിയിൽ രണ്ടാമത്തെ അനന്തിരവൾ. ഇടശ്ശേരിയുടെ ഏറ്റവും മൂത്ത ചേച്ചിയുടെ മകളാണ്. ബാംഗളൂരിൽ ചെറിയമ്മയുടെ മകൾ ദേവകിയമ്മയുടെയും അവരുടെ മകൾ സുശീലയുടെയും ഒപ്പം താമസിക്കുന്നു.

'കുട്ടിമ്മാമയ്ക്ക് പതിനാറു വയസ്സുള്ളപ്പളാണ് ഞാൻ ജനിച്ചത്.' കുട്ടിമ്മാമയെ കാണാൻ അത്രയും നേരം വൈകിയല്ലോ എന്ന കുണ്ഠിതം സ്വരത്തിൽ. 'അപ്പളയ്ക്ക് ആലപ്പുഴ പോയിരുന്നു. എടയ്ക്ക് വരുമ്പളെ കാണാൻ പറ്റു. എന്തു ഭംഗിയായിരുന്നെന്നോ? തല നെറയെ നീണ്ട മുടി.'

***നീണ്ട മുടി?*** ഞാൻ ചോദിക്കുന്നു.

'അതേ നല്ല ഭംഗിള്ള ഒരു കുടുമണ്ടായിരുന്നു.'

(അതൊരു പുതിയ അറിവായിരുന്നു. അച്ഛനെ ഒരു കുടുമ വച്ച് നിരൂപിക്കാൻ ഞാൻ ശ്രമിച്ചു. കൗതുകമുള്ള മുഖം. തല വടിച്ച് നീളത്തിൽ എണ്ണമയമുള്ള നീണ്ട മുടി. അച്ഛനെന്തിനാണതു മുറിച്ചത്? അച്ഛനെക്കുറിച്ചോർക്കുമ്പോൾ ഓർമ്മ വരുന്നത് കൂട്ടുകൃഷിയുടെ ആദ്യപതിപ്പിൽ കൊടുത്ത ഒരു ഫോട്ടോ ആണ്. അത് നാൽപ്പത്തൊമ്പതിലോ മറ്റോ എടുത്ത ഫോട്ടോവാണ്. അതിനു ശേഷം ഓർമ്മയിൽ വരുന്നത് ഉറൂബിന്റെ ഒപ്പമെടുത്ത ഫോട്ടോ. രണ്ടു സുന്ദരന്മാർ. ഞാൻ അസൂയയോടെ നോക്കിനിൽക്കാറുള്ള ചിത്രം. അമ്മ പ്രണയത്തിലായത് അച്ഛന്റെ കവിതകൾ കാരണമാവണം എന്നില്ല.)

പത്മാവതിയേടത്തി ചിരിക്കുകയായിരുന്നു. 'ഒും, നല്ല ഭംഗിണ്ടാർന്നു.'

> 'നൂറു ശതമാനം ഞാനൊരാര്യ-
> ക്കൂറും കുടുമയുമുള്ള ഹിന്ദു.'
> (ഇസ്ലാമിലെ വന്മല)

***അച്ഛന്റെ സ്നേഹിതന്മാർ?***

'ഒും. ധാരാളം സ്നേഹിതന്മാരുണ്ടായിരുന്നു. വളരെ ചെറുപ്പത്തില് ഒരു മുസ്ലിം കുട്ടിണ്ടായിരുന്നു. പേര് നല്ല ഓർമ്മയില്ല. അലിന്നാണോ സംശയം. നല്ല കൂട്ടായിരുന്നു.'

***കുഞ്ഞലവീന്നാണോ?***

'ഓർമ്മല്ല്യ. പിന്നെ കൊറേക്കാലം കഴിഞ്ഞിട്ടും കുട്ടിമ്മാമ വന്നൂന്നറിഞ്ഞാൽ ആയാള് കാണാൻ വര്വായിരുന്നു.' കുറച്ചുനേരം ആലോചിച്ചിരുന്ന് അവർ പറഞ്ഞു. 'വല്ല്യേ ഇഷ്ടായിരുന്നു.'

> 'നൂറു ശതമാനമെന്റെ മിത്രം
> കൂറും പെരുമയുമുള്ള മുസ്ലിം
> തുള്ളിപ്പിടഞ്ഞിതവന്റെ ദേഹം
> ഉള്ളമോ വന്മല പോലെ നിന്നു.'
> (ഇസ്ലാമിലെ വന്മല)

(ബാപ്പയുടെ ചൂരലിനുമുമ്പിൽ കിടന്നു തുള്ളുമ്പോഴും താൻ ബാപ്പാന്റെ കടയിൽ നിന്ന്, വിശന്നിരിക്കുന്ന സ്നേഹിതനു കൊടുക്കാനായി കട്ടെടുത്ത പഴം ആർക്കു വേണ്ടിയാണെന്നു പുറത്തു പറയാതെ, സ്നേഹിതന്റെ മാനം കാക്കാനായി നിശ്ശബ്ദം വേദന സഹിച്ചുനിന്ന കുഞ്ഞലവി.)

'ചേച്ചിമാർക്കൊക്കെ നല്ല ഇഷ്ടായിരുന്നു കുഞ്ഞനുജനെ.'

***അവർ എത്ര പേരുണ്ടായിരുന്നു?***

'അമ്മമ്മടെ പേര് കുഞ്ഞുകുട്ടിയമ്മ. അവര് പതിനഞ്ചാം വയസ്സിലാണ് കല്യാണം കഴിച്ചത്. ഭർത്താവ് തൃക്കണാപുരം വലിയ പറമ്പത്ത് ഗോവിന്ദൻ നമ്പ്യാർ. കൃഷിക്കാരൻ. അതിൽ അഞ്ച് കുട്ടികൾ ഉണ്ടായി. മൂത്ത രണ്ടു പേര് ആൺമക്കൾ, താഴെ മൂന്ന് പെൺമക്കൾ.

കുഞ്ഞുകുട്ടിയമ്മയുടെ ഭർത്താവ് വളരെ ചെറുപ്പത്തിൽ മരിച്ചുപോയി. പിന്നീട് 35-ാം വയസ്സിൽ തലശ്ശേരിക്കാരൻ കൃഷ്ണക്കുറുപ്പിനെ വിവാഹം കഴിച്ചു. അതിൽ അവർക്കൊരു മകനുണ്ടായി. - ഗോവിന്ദൻകുട്ടി. ഖിലാഫത്ത് കാലത്ത് കൃഷ്ണകുറുപ്പ്

മരിച്ചു. 54–ാം വയസ്സിൽ. വസൂരി രോഗം പിടിപെട്ട് കുഞ്ഞുകുട്ടിയമ്മയും മരിച്ചു.

***അച്ഛമ്മ മരിച്ചത്......***

'അമ്മമ്മ മരിച്ചപ്പോ കുട്ടിമ്മാമ അടുത്തുണ്ടായിരുന്നില്ല.'

***എനിക്കറിയാം. അച്ഛൻ ഒരു കവിതയിൽ അതു സൂചിപ്പിക്കുന്നുണ്ട്.***

'അതെ. കുട്ടിമ്മാമയ്ക്ക് പണായിട്ട് ഒന്നും ശങ്കരേട്ടൻ കൊടുത്തിര്ന്നില്ല. മൂപ്പര് ഒന്നു രണ്ടു ട്യൂഷനെടുത്ത് രണ്ടുറുപ്പിക സമ്പാദിച്ചു. അത് അമ്മയ്ക്ക് കൊടുക്കാനായിട്ട് നാട്ടിലേയ്ക്ക് വരണ ഒരാളടെ കയ്യിൽ കൊടുത്തയച്ചു. അയാൾ വേറെ എവിടെയൊ ഒക്കെ പോയശേഷമാണ് കുറ്റിപ്പുറത്തെത്തിയത്. അപ്പോഴെയ്ക്ക് അമ്മ വസൂരി പിടിച്ച് മരിച്ചിരുന്നു. മരിക്കുന്ന സമയത്ത് മക്കൾ ആരും അടുത്തുണ്ടായിരുന്നില്ല. നോക്കാൻ ഏല്പിച്ചവർ മാത്രം.'

'എനിക്കുമൊരുമാതുണ്ടായീ പ–
ണ്ടെന്നെ നൃപന്നു കൊടുത്തപ്പോൾ
കിട്ടിയ വിൽക്കാശപ്പടിയെന്നുടെ
കോന്തലയ്ക്കലുടക്കിയവൾ!
അവൾക്കു കുളിരിനു കമ്പിളിനേടി–
പ്പിന്നീടെന്നോ ഞാൻ ചെല്കെ,
ഒരട്ടി മണ്ണു പുതച്ചു കിടപ്പൂ;
വീടാക്കടമേ മമജന്മം!'
(ബിംബിസാരന്റെ ഇടയൻ)

അച്ഛനും ചേച്ചിമാരും ഒന്നിച്ചു വരുന്നു 'പള്ളിക്കൂടത്തിലേയ്ക്ക് വീണ്ടും' എന്ന കവിതയിൽ.

'അമ്പതു കൊല്ലം കഴിഞ്ഞുപോ,യാ
സംഭവിത്തിന്നിതേ ഭേദമുള്ളൂ:
പെങ്ങൾക്കൊരെള്ളിൻപൂവൊത്ത മൂക്കിൽ
തൂങ്ങിന പൊൻഞാത്തുണ്ടായിരുന്നു–
ആങ്ങളതൻ മുഖം പൗഡർ പൂശി
മിന്നിത്തിളങ്ങിയിരുന്നുമില്ല!
രണ്ടു മിഴികളിലമ്പരപ്പും
രണ്ടു മിഴികളിൽ സ്നേഹവായ്പും
ഏന്തിത്തുളുമ്പും തുളുമ്പലുകൾ
ഏറെയുമില്ല കുറവുമില്ല!'

ഇതേ കവിതയിൽ ആദ്യമായി പള്ളിക്കൂടത്തിലേയ്ക്കു പോകുന്ന മകന് അച്ഛൻ കൊടുക്കുന്ന ആശിസ്സും കല്പനയും 'കൈയ്യക്ഷരം നല്ലതാക്കൂ.'

***ഇതു ശരിക്കുള്ള ജീവിതത്തിലുണ്ടായതാണോ?***

'ഓം. അതേ. കുട്ടിമ്മാമ പറയാറുണ്ട്. അച്ഛൻ എപ്പഴും പറയാറുള്ളതാണ് കൈയ്യക്ഷരം നന്നാക്കൂ എന്ന്. പിന്നെ ചേച്ചിമാർക്ക് ഗോവിന്ദൻകുട്ടി എന്നു പറഞ്ഞാൽ ജീവനാണ്. ആദ്യൊക്കെ ഗോപിന്നാണ് വിളിച്ചിരുന്നത്. പിന്നെ ഒരു ദിവസം മുത്തച്ഛൻ മരിച്ച ശേഷം അമ്മമ്മ ഒരു സ്വപ്നം കണ്ടൂത്രെ. എന്തിനാ ഞാൻ ഇത്ര നല്ല പേരിട്ടിട്ട് അതു മാറ്റി ഗോപീന്ന് വിളിക്കണത്ന്ന്. ഗോവിന്ദൻകുട്ടീന്ന് തന്നെ വിളിച്ചൂടെ? അതിനു ശേഷാ ഗോവിന്ദൻകുട്ടീന്ന് തന്നെ വിളിക്കാൻ തൊടങ്ങീത്.'

***പണ്ടൊരിക്കൽ അമ്മ പറയുകയുണ്ടായിട്ടുണ്ട്. അച്ഛൻ പെങ്ങന്മാരുടെ ഒപ്പം കൂടി പടക്കമുണ്ടാക്കി കളിക്കാറുണ്ട് എന്നൊക്കെ. അതിനെപ്പറ്റി അറിയാമോ?***

'അത് എന്റെ അമ്മയായിരിക്കണം. (മാളു അമ്മ) എന്റെ അമ്മ അതിലൊക്കെ മിടുക്കിയാണ്.'

***പൂതപ്പാട്ടിന്റെ അടിക്കുറിപ്പിൽ അച്ഛൻ കഥ പറയലിൽ മിടുക്കിയായ ചെറിയേടത്തിയെപ്പറ്റി പറയുന്നുണ്ട്. അത് ആരാണ്?***

'അത് രണ്ടാമത്തെ പെങ്ങളാണ്. മീനാക്ഷിയമ്മ. എന്റെ അമ്മയെ വല്ല്യേടത്തിന്നാ വിളിക്കാറ്. ശരിക്ക് പറഞ്ഞാൽ മൂന്നു പെങ്ങന്മാരും കഥ പറയലിൽ മിടുക്കികളായിരുന്നു.'

***അമ്മുവല്ല്യമ്മയാണ് ഞങ്ങൾക്കൊക്കെ കഥ പറഞ്ഞു തന്നിരുന്നത്. ഭാരതകഥകൾ, നിരവധി രസകരമായ കഥകൾ.***

'ഓ, ശരിയാണ്. ഇപ്പഴത്തെ കുട്ടികൾക്കൊക്കെ അമ്മു ചെറിയമ്മ കഥ പറയുന്നതേ അറിയൂ. മീനാക്ഷിചെറിയമ്മ കഥ പറയുന്നതൊന്നും അവർ കേട്ടിരിക്കില്ല.'

***അച്ഛന്റെ ഒരു മരുമകൾ ചെറുപ്പത്തിലേ മരിച്ചത്......***

'ഓ, ജാനകിന്നാ പേര്. മീനാക്ഷിചെറിയമ്മേടെ രണ്ടാമത്തെ മകളാണ്. പതിമൂന്നാം വയസ്സില് മരിച്ചു. വല്ല്യേ ഇഷ്ടായിരുന്നു.'

'കഴിഞ്ഞു കാര്യം; മമഭാഗധേയ
മണിപ്രദീപം പ്രഭവീശിനിൽക്കേ

**കുട്ടിമ്മാമ**
ഇടശ്ശേരിക്കളത്തിൽ
പത്മാവതി അമ്മ



കരാളമാം കാലമരുത്തടിച്ചു
പൊലിച്ചു; മൽഗേഹമിരുട്ടടഞ്ഞു.'
(ജാനകി)

***അച്ഛന് കുട്ടിക്കാലത്ത് നടക്കാൻ വിഷമമായിരുന്നൂന്ന് കേട്ടിട്ടുണ്ടല്ലോ.....***

'കുട്ടിമ്മാമയ്ക്ക് ജന്മനാൽ നടക്കാൻ വിഷമണ്ടായിരുന്നു. അപ്പോ എടുത്തുകൊണ്ട് നടക്ക്വേ പതിവ്. കുട്ടിമ്മാമ എന്റെ അമ്മയെ ഏടത്തിന്ന് വിളിക്കും, അതിന് താഴെള്ള ഏടത്തിയെ ചെറിയേട്ത്തിന്നും ഏറ്റവും താഴെള്ള ഏടത്തിയെ അമ്മുവേടത്തിന്നും വിളിക്കും. ന്റെ അമ്മേനെ ആദ്യം വല്ലേട്ത്തിന്നാ വിളിച്ചിരുന്നത്. എന്റെ അമ്മ നല്ല തടിണ്ടാർന്നു. അതോണ്ട് ഒക്കത്ത് എടുത്തുകൊണ്ട് നടക്കുമ്പോ കാല് കൂട്ടിത്തൊടില്ലല്ലോ. അപ്പോ പറയും വല്ല്യേട്ത്തി ഒരു പ്ലാവിന്റെ പോലെയാണ്ന്ന്. നല്ല തമാശക്കാരനായിരുന്നു. കാണാനും നല്ല ഭംഗിയായിരുന്നു. അതുകൊണ്ടൊക്കെ എല്ലാർക്കും നല്ല ഇഷ്ടായിരുന്നു. അഞ്ചു വയസ്സായിട്ടും ഭക്ഷണൊക്കെ അമ്മ വായിലേ കൊടുത്തീർന്നത്.

***പൂതപ്പാട്ടിലെ ഉണ്ണി അച്ഛൻ തന്ന്യാണ്ന്ന് തോന്നുണു. അല്ലേ?***

ആയിരിക്കാം. അത്രയ്ക്ക് കൊഞ്ചിച്ചു വളർത്തീതാ. അമ്മ മാത്രല്ല, ചേച്ചിമാരും. അന്നൊക്കെ ആൺകുട്ടികളെ 5 വയസ്സിലും പെൺകുട്ടികളെ ഏഴു വയസ്സിലും ആണ് സ്കൂളിൽ ചേർക്കുക. കുട്ടിമ്മാമേനെ സ്കൂളിലേയ്ക്ക് എടുത്തു കൊണ്ടുപോവാണ് പതിവ്. ഇടശ്ശേരി താവഴീല്ത്ത്യന്നെ നമ്പ്രത്തെന്ന് പറയും. ആ താവഴീലെ ഒരു ഗോവിന്ദമ്മാമ്യാണ് എടുത്തു കൊണ്ടുപോവാ. അതുപോലെ എങ്ങട്ടു കൊണ്ടു പോവാണെങ്കിലും ആ മനുഷ്യനാണ് എടുത്തുകൊണ്ടുപോവ്വാ. കുട്ടിമ്മാമയ്ക്ക് വരായ തുടങ്ങിയപ്പോത്തൊട്ട് മാസംതോറും പണം അയച്ചുകൊടുക്കാറുണ്ടായിരുന്നു. അവസാനം അയച്ചുകൊടുത്തത് ഗോവിന്ദമ്മാമ മരിച്ചപ്പോൾ തിരിച്ച് വര്വേ ചെയ്തത്. ആരോ ചോദിച്ചു. എന്തിനാണ് ആ മനുഷ്യന് പണം അയച്ചുകൊടുക്കണത്ന്ന്. അപ്പോ കുട്ടിമ്മാമ പറഞ്ഞു, 'എന്നെ എടുത്തു നടന്നതിന്റെ തഴമ്പ് ആ മനുഷ്യന്റെ തോളത്ത് ഇപ്പോഴും കാണും'ന്ന്.

'പിന്നെ മാനന്തവാടീല്ണ്ടായിർന്ന വല്ല്യമ്മാമ മയിലെണ്ണ കൊണ്ടുവന്ന് ആരെക്കൊണ്ടോ ഉഴിയിച്ചശേഷാണ് ഒരു മാതിരി നടക്കാറായത്.'

'കോടിയിൽത്തന്നെ കുറച്ചൊന്നു കീറിയോ
രാടയാണല്ലോ കിടച്ചതി,ങ്ങാകയാൽ
കീറൽ മറയുമാറങ്ങിനെ കോൺതല-
യേറെ ഞെറിഞ്ഞിട്ടുടുക്കാൻ പഠിച്ചു ഞാൻ.
(മറ്റേ മുണ്ട്.)

'ധനുമാസത്തില് ഉത്രട്ടാതിയാണ് കുട്ടിമ്മാമെടെ പിറന്നാള്. അന്ന് സുബ്രഹ്മണ്യന് പൂജണ്ടാവും. തമിഴ് നാട്ടീന്ന് ആണ്ടികള് വന്നിട്ടാണ് പൂജ കഴിക്ക്യാ. വല്ല്യ പൂജ്യാണ്. ഗംഭീര സദ്യണ്ടാവും. സുബ്രഹ്മണ്യന് വെളമ്പീട്ടെ മറ്റുള്ളവര് ഊണു കഴിക്കൂ.'

***അച്ഛൻ ഖിലാഫത്ത് കാലത്ത് മരിച്ചൂന്നല്ലെ പറഞ്ഞത്. ലഹള്യായിട്ട് ബന്ധപ്പെട്ട വല്ല സംഭവമാണോ മരണകാരണം?***

'ഏയ്. ആ കാലത്താണ്ന്ന് മാത്രം. ലഹളക്കാലത്താണ് മരിച്ചത്ച്ചാലും ലഹള്യായിട്ട് മരണത്തിന് ബന്ധം ഒന്നുണ്ടായിർന്നില്ല. ലഹള കാലത്ത് കുറ്റിപ്പുറത്ത് എല്ലാവരെം പാലക്കാട്ട് ചെറിയമ്മടെ ഭർത്താവിന്റെ വീട്ടിൽ കൊണ്ട്യാക്കാണ് ചെയ്തത്. അപ്പൊ കുട്ടിമ്മാമേം അവര് കൊണ്ടുപോയി. കുട്ടിമ്മാമേടെ അച്ഛൻ തലശ്ശേരിക്കാരനായിരുന്നു. ഇടയ്ക്ക് വീട്ടിൽ പോകാറുണ്ട്. പിന്നെ എപ്പോഴും യാത്ര്യായിരിക്കും. വരുമ്പോ ഓരോരുത്തർക്ക് സാധനങ്ങള് കൊണ്ടുവന്നു കൊടുക്കും. അദ്ദേഹത്തിന് നല്ല വരായണ്ടായിരുന്നു. എല്ലാവരേം സഹായിക്കും. നാട്ടുകാർക്കൊക്കെ വല്ല്യെ കാര്യായിരുന്നു. കുറുപ്പച്ഛൻ, കുറുപ്പ് തമ്പ്രാൻ എന്നൊക്ക്യാണ് വിളിക്കാറ്. ഒരിക്കല് തലശ്ശേരീ പോയി വരുമ്പോൾ വയ്യാത്യായി. പനീംണ്ടായിരുന്നു. പോർട്ടർമാരാണ് സ്റ്റേഷനീന്ന് വീട്ടിലെത്തിച്ചത്. പനി കൂടി രണ്ടു ദിവസത്തിനുള്ളിൽ മരിക്ക്യാണ്ണ്ടായത്.

'കുട്ടിമ്മാമടെ അച്ഛന് തലശ്ശേരീല് ഒരു മകനുണ്ടായിരുന്നു. കുഞ്ഞിരാമൻ അടിയോടി. ഇടയ്ക്കിടയ്ക്ക് കുറ്റിപ്പുറത്ത് വരാറുണ്ട്. അച്ഛൻ മരിച്ചപ്പോ അറിയിക്കാൻ പറ്റീല്ല്യ. അന്നൊക്കെ അത്ര്യല്ലെ സൗകര്യള്ളൂ. പിന്നെ കുഞ്ഞിരാമൻ അടിയോടി വന്നപ്പോഴാണ് അച്ഛൻ മരിച്ചത് അറിഞ്ഞത്. വല്ലാതെ ഖേദായി. അതിനുശേഷം കുറ്റിപ്പുറത്തു വന്നിട്ടില്ല. നല്ല മനുഷ്യനായിരുന്നു. അമ്മയ്ക്കൊക്കെ നല്ല കാര്യായിരുന്നു.'

***അച്ഛന് ധാരാളം സ്നേഹിതന്മാരുണ്ടായിരുന്നല്ലോ. അവരാരെങ്കിലും കുറ്റിപ്പുറത്ത് വരാറുണ്ടോ?***

പിന്നേ? പി.സി. കുട്ടികൃഷ്ണൻ, (അന്ന് ചെറിയ കുട്ട്യായിരുന്നു.) കുമാരൻ (ഉറൂബിന്റെ ഭാര്യാസഹോദരൻ – അദ്ദേഹം ചെറുകഥകളെഴുതുമായിരുന്നു. ചെറുപ്പത്തിലേ മരിച്ചുപോയി.) പത്മനാഭൻ നായർ ഇവരെല്ലാം കുറ്റിപ്പുറത്ത് കുട്ടിമ്മാമയുടെ ഒപ്പം വരാൻ മത്സരാണ്. പദ്മനാഭക്കുറുപ്പ്, ദേവകിയേട്ത്തിടെ അച്ഛൻ (പി.സി.മ്മാവന്റെ ഭാര്യാപിതാവ്) ഇല്ലത്തു വളപ്പില് പണിക്കര് വന്നിരുന്നു. അദ്ദേഹം അന്ന് നല്ലൊരു ജോലിയൊക്കെ ഉപേക്ഷിച്ച് ദേശീയപ്രസ്ഥാനത്തിലായിരുന്നു. പിന്നെ രാഘവമ്മാമ (ജാനുവേട്ത്തിടെ

അമ്മാവൻ). അവരൊക്കെ വരാറുണ്ട്. പിന്നെ ഇ. നാരായണനും, എം. ഗോവിന്ദനും, അക്കിത്തവും വരാറുണ്ട്. വരുമ്പൊഴൊക്കെ ഒന്നുരണ്ടുപേര് ഒപ്പംണ്ടാവും. രണ്ടുമൂന്ന് ദിവസം താമസിച്ചിട്ടേ പോവാറുള്ളൂ.

കുട്ടിമ്മാമടെ കല്യാണം ഗംഭീരായിരുന്നു. കുറ്റിപ്പുറത്ത്ന്ന് രാവിലെ പുറപ്പെട്ട് ഈശ്വരമംഗലത്ത് ചെറിയമ്മടെ വീട്ടില് തങ്ങി, അവിടന്ന് ഊണു കഴിച്ച് രാത്രിയോടെയാണ് പുത്തില്ലത്ത് എത്തീത്. അന്നൊക്കെ രാത്രിയല്ലെ കല്യാണം.

***അപ്പോൾ അച്ഛൻ പുത്തില്ലത്തുതന്നെയായിരുന്നില്ലേ താമസം?***

അതേ. താമസിക്കാൻ സ്ഥലല്ല്യാതെ വിഷമിക്കുമ്പോ രാഘവമ്മാമ കൂട്ടിക്കൊണ്ടുപോയതാണ്. അവരൊക്കെ ഇഷ്ടായിട്ട് കല്യാണം കഴിച്ചതുതന്നെയാണ്. കുട്ടിമ്മാമ മാത്രല്ല, പി.സി. കുട്ടികൃഷ്ണൻ (കല്യാണം കഴിച്ചത് ജാനകിയമ്മയുടെ ചെറിയമ്മയുടെ രണ്ടാമത്തെ മകളെയാണ്, ദേവകിയമ്മ) പദ്മനാഭക്കുറുപ്പ് (ചെറിയമ്മയുടെ മൂത്ത മകളെ, പാറുക്കുട്ടിയമ്മ). അമ്മായി (ഇടശ്ശേരിയുടെ ഭാര്യ ജാനകിയമ്മ) നന്നായി കവിത വായിക്കും. ഇത്ര മധുരായിട്ട് കവിത വായിക്കണത് ഞാൻ ഇതുവരെ വേറെ ആരേം കണ്ടിട്ടില്ല. കുട്ടിമ്മാമടെ കവിത അമ്മായിയാണ് ഉറക്കെ വായിക്കുക. പകർത്താനൊക്കെ സഹായിക്കും. രാഘവമ്മാമെ കുട്ടിമ്മാമയ്ക്ക് വല്ല്യ കാര്യായിരുന്നു. 'എനിക്ക് ഒരു കുടുംബംണ്ടായത് ആ മനുഷ്യൻ കാരണാണ്' എന്ന് എപ്പഴും പറയും.

***(രാഘവമ്മാമ കാൻസറായി പൊന്നാനി ആശുപത്രിയിൽ കിടക്കുമ്പോൾ അവസാന ദിവസങ്ങളിൽ അച്ഛൻ അടുത്തിരുന്ന് നെഞ്ചു തടവാറുള്ളത് എനിക്കോർമ്മയുണ്ട്. അച്ഛൻ തടവുമ്പോൾ വേദന മാറുന്നുവെന്നാണ് രാഘവമ്മാമ പറയാറുള്ളത്.)***

***കാവിലെ പാട്ടിലെ ഭഗവതി ഇടശ്ശേരി വീട്ടിലെ ഭരദേവതതന്നെയാണോ?***

അതെ, നൊട്ടനാലിക്കല് ഭഗവതിതന്ന്യാ കാവിലെ പാട്ടില് വിവരിച്ചിരിക്കണ ദേവി. നമ്മടെ വീട്ടിന്റെ തൊട്ടടുത്തല്ലെ അമ്പലം. അമ്പലത്തിന്റെ പിന്നില്ള്ള വഴീല്ള്ള വീടുകളൊക്കെ ഇടശ്ശേരി താവഴീല്ത്തെ വീടുകളാ.

***പൊരിച്ച നഞ്ഞ് എന്ന കഥണ്ടല്ലോ. അതില് പറഞ്ഞ വീട് ഇടശ്ശേരി വീടാണോ?***

പൊരിച്ച നഞ്ഞ്. വീടൊക്കെ അതുതന്നെയാണ്. നാല്കെട്ട് കൂവളത്തറ ഒക്കെ വീട്ടിലെ തന്ന്യാണ്. എന്റെ ഏട്ടന്റെ പേര് ബാലകൃഷ്ണൻന്ന്ള്ളത് കഥേല് രാമകൃഷ്ണൻന്നാക്കീന്നെള്ളൂ. ചെറിയമ്മ ഇല്ല. എന്റെ അമ്മ, ചെറിയേടത്തി, മറ്റെ വല്ല്യമ്മ. അങ്ങിനെ ഒരു കഥ നടന്നിട്ടൊന്നുംണ്ടാവില്ല. പക്ഷേ ആ കഥ വായിച്ച് ഞാൻ കൊറേ കരഞ്ഞു.

(പത്മാവതി അമ്മയുമായി സംസാരിച്ച് ലേഖനം തയ്യാറാക്കിയത് ഇ. ഹരികുമാർ.)